

# കനകമല സെന്റ് ആന്റണീസ് ഇടവക

കനകമല ഇടവക കൊടകരയിൽ നിന്ന് 5 കി.മീ. കിഴക്കു ഭാഗത്തും, ചാലക്കുടിയിൽ നിന്ന് 8 കി.മീ. വടക്കുഭാഗത്തുമായി സ്ഥിതിചെയ്യുന്നു. കനകമലപ്രദേശം പേരാമ്പ്രഇടവകയുടെ ഭാഗമായിരുന്നു. 1948-ൽ ചുള്ളിവീട്ടുകാർ പള്ളിക്ക് കൊടുത്ത സ്ഥലത്ത് പേരാമ്പ്ര പള്ളിവികാരിയായിരുന്ന വലിയവീട്ടിൽ ബഹു. അന്തപ്പനച്ചന്റെ നേതൃത്വത്തിൽ ഒരു കപ്പേള പണിയിക്കുകയും അതിൽ വി. അന്തോണീസിന്റെ തിരുസ്വരൂപം പ്രതിഷ്ഠിക്കുകയും നൊവേന ആരംഭിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് കനകമല കുരിശുമുടി പ്രസിദ്ധമായി തുടങ്ങിയത്.

## കപ്പേളയിൽ നിന്ന് ദേവാലയത്തിലേക്ക്

തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം ബഹു. ഇളംകുന്നപ്പുഴ യാക്കോബച്ചൻ നിലവിലുള്ള കപ്പേള വികസിപ്പിച്ചു. പള്ളിയില്ലാത്ത അസൗകര്യം കണക്കിലെടുത്ത് കളത്തിങ്കൽവീട്ടുകാർ പള്ളിക്ക് സ്ഥലം കൊടുക്കുകയും എല്ലാവരുടെയും പരിശ്രമഫലമായി പള്ളി സ്ഥാപിക്കുകയും ചെയ്തു. 1962-ൽ കനകമല സെന്റ് ആന്റണീസ് പള്ളിയെ ഇടവകയാക്കിയെങ്കിലും പേരാമ്പ്ര ഇടവകയുടെ നടത്തുപള്ളിയായിരുന്നു. ഇതിനിടെ വൈദിക മന്ദിരം നിർമ്മിച്ചു.

## ദേവാലയനിർമ്മാണം

1964-ൽ കനകമല ഇടവകയുടെ സ്ഥിരതാമസമുള്ള വികാരിയായി ബഹു. ചിറയത്ത് ആന്റണിയച്ചൻ സ്ഥാനമേല്ക്കുകയും മലമുകളിൽകപ്പേള സ്ഥാപിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം പള്ളി പുതുക്കിപ്പണിയുകയും 1966 ഏപ്രിൽ 19-ന് അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് ആലപ്പാട്ട് ആശീർവാദകർമ്മം നടത്തുകയും ചെയ്തു. 1966-ൽ ബഹു. റാഫേൽ മാളിയമ്മാവ് അച്ചന്റെ നേതൃത്വത്തിൽ പണിയിച്ചതാണ് മാതാവിന്റെ ഗ്രോട്ടോ.

1974-ൽ തോമസ് വാഴപ്പിള്ളിയച്ചൻ സി.എം.ഐ. വികാരിയായിരിക്കുമ്പോഴാണ് പള്ളിക്ക് കൂടുതൽ പറമ്പ് വാങ്ങിയത്. 1979-ൽ മലമുകളിലേക്കുള്ള വഴിയിൽ കോൺക്രീറ്റ് കുരിശുകൾ സ്ഥാപിക്കപ്പെട്ടു.

ബഹു. ജോസ് എ. ചിറ്റിലപ്പിള്ളിയച്ചൻ വികാരിയായിരുന്നപ്പോൾ തേശ്ശേരിയിൽ ചേറേങ്ങാടൻ, മണ്ടി എന്നീ വീട്ടുകാർ ദാനമായി നൽകിയ സ്ഥലത്ത് സെന്റ് സെബാസ്റ്റ്യൻ കപ്പേള പണിയിച്ചു. 1984 ആഗസ്റ്റ് 15-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവാദകർമ്മം നടത്തി. എല്ലാ വർഷവും ആഗസ്റ്റ് 15-ാം തിയ്യതി പള്ളിയിൽനിന്ന് കപ്പേളയിലേക്ക് ജപമാല പ്രദക്ഷിണം നടത്തിവരുന്നു.

## മണിമാളിക, മതബോധനഹാൾ

1989-ൽ വികാരിയായിവന്ന ബഹു. ആലപ്പാട്ട് ജോണച്ചന്റെ നേതൃത്വത്തിലാണ് പള്ളിയുടെ മദ്ബഹായും മുൻവശത്തെ കപ്പേളയും പുതുക്കിപ്പണിതത്. മാത്രമല്ല, മനോഹരമായ മണിമാളിക നിർമ്മിക്കുകയും റബർ തോട്ടം വാങ്ങുകയും ചെയ്തു. ബഹു. ജോർജ്ജ് വേഴപ്പറമ്പിൽ അച്ചന്റെ കാലത്ത് കുട്ടികളുടെ വേദപഠനസൗകര്യാർത്ഥം 1998 ഫെബ്രുവരിയിൽ മതബോധനഹാൾ നിർമ്മിച്ചു. ബഹു. പെരേപ്പാടൻ ജോയ് അച്ചന്റെ കാലത്ത് മലമുകളിലെ കുരിശുകൾ പുതുക്കി പണിതു.

ഇപ്പോഴത്തെ വികാരി ബഹു. ജെയ്സൺ പാറേക്കാട്ടച്ചന്റെ 2006 മേയ് 30-ാം തിയ്യതി പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മവും ഇടവക കാര്യാലയത്തിന്റെ ശില ആശീർവാദകർമ്മവും മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിക്കുകയുണ്ടായി. പൂർത്തിയായ നവീന ദേവാലയത്തിന്റെ കൂദാശകർമ്മം 2009 ഡിസംബർ 23-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പിതാവ് നിർവ്വഹിച്ചു. എല്ലാവർഷവും ഈസ്റ്റർ കഴിഞ്ഞ് വരുന്ന 2-ാം ഞായറാഴ്ച ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്നു.

## ജെയ് റാണി ആരാധന മഠം

1986 നവംബർ 23 ന് ബഹു. വിൻസെന്റ് ചെമ്പകശ്ശേരിയച്ചന്റെ കാലഘട്ടത്തിലാണ് ആരാധനാസഭക്കാരുടെ ജയ്റാണി കോൺവെന്റ് സ്ഥാപിച്ചത്. ബഹു. സിസ്റ്റേഴ്സ് ഇടവകയുടെ വിവിധ ശുശ്രൂഷകളിൽ സജീവമായി സഹകരിക്കുന്നു.



മതബോധനഹാൾ



പഴയ പള്ളി



ഗ്രോട്ടോ



അടിവാരം കപ്പേള



ജയ് റാണി ആരാധന മഠം